




**ലാർജ്ജ് സ്കെയിൽ ഇക്കോണമിയോട് കലഹിച്ചുകൊണ്ട്,**
**അതിൽ നിന്നും ലോക്കൽ ഇക്കോണമിയിലേക്കുള്ള പിന്മടക്കം ഇന്ന് വ്യാപകമാണ്.**
**ലാർജ്ജ് സ്കെയിൽ എക്കോണമി നിലനിൽക്കില്ല എന്ന തിരിച്ചറിവിൽ നിന്നാണ്**
**ഇന്ന് ഗാന്ധിയൻ സമ്പദ്‌വ്യവസ്ഥയിലേക്ക് ആളുകൾ എത്തിച്ചേരുന്നത്.**

**ഡോ. എം.പി. പരമേശ്വരൻ / കേരളീയം**

# ലോക്കൽ ഇക്കോണമിയിലേക്ക് മടങ്ങുക

**മാർക്സിസത്തിലൂടെയും ഗാന്ധിസത്തിലൂടെയും ആഴത്തിൽ സഞ്ചരിച്ച വ്യക്തി എന്ന നിലയിൽ ഗാന്ധിയെക്കുറിച്ചുള്ള താങ്കളുടെ വിലയിരുത്തൽ എന്താണ്? സമകാലിക ലോകത്തോട് കൂടുതൽ സംവദിക്കാൻ കഴിയുന്നത് ഏത് ദർശനത്തിനാണ്?**

മാർക്സ് ഗാന്ധിയേക്കാൾ 75 വർഷം മുമ്പ് ജീവിച്ചിരുന്നയാളാണ്. എന്നിട്ടും മാർക്സിയൻ ആശയങ്ങളുടെ പ്രാധാന്യം ഇന്നും നിലനിൽക്കുന്നുണ്ട്. ഗാന്ധിയുടെ ചില ആശയങ്ങളൊഴികെ മിക്കതും കാലഹരണപ്പെടുകയും അപ്രായോഗികമായിത്തീരുകയും ചെയ്തുവെന്നാണ് ഞാൻ കരുതുന്നത്. ശാരീരികാധ്വാനം നിർബന്ധമായും മനുഷ്യർ പാലിക്കേണ്ട ഒന്നായാണ് ഗാന്ധി പറയുന്നത്. എന്നാൽ മാർക്സ് മനുഷ്യന്റെ അധ്വാനം ക്രമേണ കുറച്ചുകൊണ്ടുവരുന്നതിനെക്കുറിച്ചാണ് പറയുന്നത്. ഒഴിവുസമയം (leisure) മനുഷ്യർക്ക് നിർബന്ധമായും വേണമെന്നാണ് മാർക്സ് പറഞ്ഞത്. ഇവർ തമ്മിലുള്ള ഒരു പ്രധാനവ്യത്യാസം ഗാന്ധി ഒഴിവുസമയത്തെ പരിഗണിച്ചില്ല എന്നതുതന്നെയാണ്.

എന്നാൽ ഗാന്ധി പറഞ്ഞ സ്വയംപര്യാപ്ത സമ്പദ്‌വ്യവസ്ഥ എന്ന സങ്കൽപ്പത്തിലേക്ക് ഇന്ന് കൂടുതൽ ആളുകൾ എത്തിച്ചേരുന്നുണ്ട്. പക്ഷെ ഗാന്ധി പറഞ്ഞതുപോലെ ഗ്രാമസ്വരാജ് എന്ന അർത്ഥത്തിൽ ഗ്രാമങ്ങൾ സ്വയംപര്യാപ്തമാവുകയല്ല ഉണ്ടായത്. ലാർജ്ജ് സ്കെയിൽ ഇക്കോണമിയോട് കലഹിച്ചുകൊണ്ട്, അതിൽ നിന്നും ലോക്കൽ ഇക്കോണമിയിലേക്കുള്ള പിന്മടക്കമാണ് ഉണ്ടാകുന്നത്. ലാർജ്ജ് സ്കെയിൽ എക്കോണമി നിലനിൽക്കില്ല എന്ന തിരിച്ചറിവിൽ നിന്നാണ് ഇന്ന് ഗാന്ധിയിലേക്കും ഗാന്ധിയൻ സമ്പദ്‌വ്യവസ്ഥയിലേക്കും ആളുകൾ എത്തിച്ചേരുന്നത്. എന്നാൽ ഗാന്ധിയുടെ ആ സമകാലിക പ്രാധാന്യം തിരിച്ചറിയാനുള്ള സമഗ്രത ഇന്നത്തെ ഗാന്ധിയൻ പ്രവർത്തകർക്കില്ല. എല്ലാ വൈരുദ്ധ്യങ്ങളോടും പൊരുത്തപ്പെടുന്ന ഗാന്ധിയുടെ സമഗ്രകാഴ്ചപ്പാട് ഇന്നത്തെ ഗാന്ധിയൻമാരിൽ കാണുന്നില്ല. ഒരു ചോദ്യത്തിനും ഉത്തരമില്ലാതെയാകുന്ന അവസ്ഥ ഗാന്ധിക്കുണ്ടായിരുന്നില്ല. ഒരു പഞ്ചായത്തോ വില്ലേജോ പോലും സ്വയംപര്യാപ്തമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതിലൂടെ തദ്ദേശീയ സമ്പദ്‌വ്യവസ്ഥയും ജീവിതനിലവാരവും വർദ്ധിപ്പിക്കാൻ കഴിയുന്നതാണ് ഇന്ന് ചെയ്യാൻ കഴിയുന്ന ഗാന്ധി

യൻ പ്രവർത്തനം. തദ്ദേശീയ സമ്പദ്‌വ്യവസ്ഥയെയും ജീവിതനിലവാരത്തെയും മെച്ചപ്പെടുത്താൻ അനുയോജ്യമായസാങ്കേതികവിദ്യയുടെ സഹായം തേടാവുന്നതാണ്. ഗാന്ധി അറിവിനും ശാസ്ത്രങ്ങൾക്കും യന്ത്രങ്ങൾക്കുമൊന്നും എതിരായിരുന്നില്ല. യന്ത്രങ്ങൾ നമ്മെ നിയന്ത്രിക്കരുത്, നമുക്ക് യന്ത്രങ്ങളെ നിയന്ത്രിക്കാൻ കഴിയണമെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്.

ആഗോളസമ്പദ്‌വ്യവസ്ഥയിൽ നിന്നും നവലിബറൽ വ്യവസ്ഥയിൽ നിന്നുമുള്ള വിടുതലിലൂടെ മാത്രമെ തദ്ദേശീയ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താൻ കഴിയുകയുള്ളു. അതിന് വേണ്ട സമഗ്രമായ പദ്ധതികൾ ഗാന്ധിയിലുണ്ട്. അത്തരം വ്യവസ്ഥയിൽ മാലിന്യങ്ങൾ പോലും സമ്പത്തായിത്തീരും. അത് കൃഷിക്ക് വളമായിത്തീരും. അപ്പോൾ ലാലൂർ പോലെയുള്ള ഒരു പ്രശ്നമുണ്ടാവുകയില്ല. ഗാന്ധി കാലികമാകുന്നത് അത്തരം തദ്ദേശീയ സമ്പദ്‌വ്യവസ്ഥ യാഥാർത്ഥ്യമാകുമ്പോഴാണ്. ഒരു വില്ലേജെങ്കിലും ആ രീതിയിൽ മാറ്റിത്തീർക്കാനാണ് ഗാന്ധിയന്മാർ ശ്രമിക്കേണ്ടത്.

സാമ്പത്തിക ശാസ്ത്രവും പുനഃക്രമീകരിക്കപ്പെടണം. ഉപയോഗത്തെ അടിസ്ഥാനമാക്കിയുള്ള ചരക്കുകളാണ് ഇന്ന് മാർക്കറ്റ് ഇക്കോണമിയിൽ കൂടുതലും വിറ്റഴിക്കപ്പെടുന്നത്. ഉപയോഗം ആവശ്യത്തിന്റെ അടിസ്ഥാനത്തിലല്ല നിർണ്ണയിക്കപ്പെടുന്നത് എന്നതാണ് പ്രശ്നം. ജീവിതഗുണനിലവാരം വർദ്ധിപ്പിക്കുക എന്നതായിരിക്കണം ഉപയോഗത്തിന്റെ അടിസ്ഥാനം. കൂടുതൽ സ്വർണ്ണം വാങ്ങിയാൽ ജീവിതഗുണനിലവാരം വർദ്ധിക്കില്ല. നശീകരണമൂല്യമുള്ള വസ്തുക്കളുടെയല്ല, ക്ഷേമമൂല്യമുള്ള വസ്തുക്കളുടെ ഉപഭോഗമാണ് നടക്കേണ്ടത്. പൊങ്ങച്ചമൂല്യ(vanity values)മാണ് മറ്റൊരു തരം. പൊങ്ങച്ചമൂല്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപഭോഗമാണ് ഇപ്പോൾ വർദ്ധിച്ചിരിക്കുന്നത്. ഒഴിവുസമയം ഇപ്പോൾ വിനിയോഗിക്കപ്പെടുന്നത് അതിനായാണ്. ഒഴിവുസമയം ജീവിതഗുണനിലവാരം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഇടപെടലുകൾക്കായി നീക്കിവയ്ക്കാൻ കഴിയുന്ന തരത്തിലുള്ള വിദ്യാഭ്യാസം സമൂഹത്തിന് നൽകണം.

**നഗരകേന്ദ്രീകൃതമായ ഒരു കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയ്ക്ക് മാർക്സ് അനുകൂലമായിരുന്നല്ലോ? എന്നാൽ ഗാന്ധി ആധുനിക നാഗരികതയോടുള്ള വിമർശനം വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്. ഹിന്ദ്സ്വരാജിൽ ഗ്രാമകേന്ദ്രീകൃതമായ സമ്പദ്‌വ്യവസ്ഥയെയും ജീവിതശൈലിയെയുമാണ് ആധുനികത നാഗരികതയ്ക്ക് ബദലായി അദ്ദേഹം മുന്നോട്ട് വയ്ക്കുന്നത്. എന്നാൽ മാർക്സിന് അങ്ങനെയൊരു ലക്ഷ്യമുണ്ടായിരുന്നോ?**

ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസാം കാലക്രമേണ ഇല്ലാതെയാകണമെന്ന് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ മാർക്സ് വ്യക്തമായി പറയുന്നുണ്ട്. നഗരകേന്ദ്രീകൃതമായ വ്യവസായങ്ങളെ വികേന്ദ്രീകരിച്ച് ചെറിയ യൂണിറ്റുകളായി ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്നാണ് മാർക്സ് പറഞ്ഞത്. നഗരങ്ങളിലെ ജനസംഖ്യ ഗ്രാമങ്ങളിലേക്ക് പുനർവിതരണം ചെയ്യണം. നഗരഗ്രാമ വ്യത്യാസം ഇല്ലാതെയാക്കുക എന്നാൽ ഗാന്ധി പറഞ്ഞിടത്തേക്കാണ് എത്തുന്നത്. ലണ്ടൻ പോലെയുള്ള നഗരങ്ങളിൽ കമ്മ്യൂണിസം സാധ്യമല്ലെന്ന് മാർക്സ് പറയുന്നുണ്ട്. പിന്നീടുവന്ന കമ്മ്യൂണിസ്റ്റുകാർക്ക് അത് മനസ്സിലായില്ല എന്നുമാത്രം. മാർക്സും ഗാന്ധിയും തമ്മിൽ വലിയ അന്തരമില്ലെങ്കിലും മാർക്സും മാർക്സിസ്റ്റുകളും തമ്മിൽ വലിയ അന്തരമുണ്ട്.

**ഭരണമുക്തമായ സമുദായം എന്ന പുസ്തകത്തിൽ ഗാന്ധിയനായ ധീരേന്ദ്രമജുംദാർ വിശ്രമത്തിനെ ശ്രമത്തിൽ നിന്നും വേർപെടുത്തി കാണേണ്ടതില്ല എന്നൊരുവാദം ഉന്നയിക്കുന്നുണ്ട്. താങ്കൾ പറയുന്ന ഒഴിവുസമയത്തെക്കുറിച്ചുള്ള വാദത്തിന് വിരുദ്ധമായ ചിന്തയാണല്ലോ അത്. എന്താണ് അഭിപ്രായം?**

അധ്വാനം ആനന്ദമായി മാറണമെന്ന് മാർക്സ് പറയുന്നുണ്ട്. എന്നാൽ അധ്വാനം ആനന്ദമായി മാറിയാൽ ഒഴിവുസമയത്തിന് പകരമാകില്ല. വിശ്രമം തരുന്നത് മറ്റൊരുതരത്തിലുള്ള സ്വാതന്ത്ര്യവും തെരഞ്ഞെടുപ്പുമാണ്. അധ്വാനത്തിന് ഒരു പ്രത്യേകലക്ഷ്യമുണ്ട്. ആ ലക്ഷ്യം ഉറപ്പായും സംഭവിക്കേണ്ടത് അധ്വാനത്തിന്റെ ആവശ്യമാണ്. അത് അമിതമായാൽ ആർക്കും താങ്ങാൻ കഴിയില്ല. ഒഴിവുസമയം സമൂഹത്തിന് മുഴുവൻ ലഭ്യമാക്കണം. ഇപ്പോൾ അത് ഉയർന്ന വിഭാഗത്തിലുള്ളവർക്ക് മാത്രമാണ് ലഭിക്കുന്നത് എന്നതാണ് പ്രശ്നം. പൊങ്ങച്ചമൂല്യമുള്ള സാധനങ്ങളുടെ ഉത്പാദനവും ഉപഭോഗവും കുറയുമ്പോൾ മാത്രമാണ് എല്ലാവർക്കും ഒഴിവുസമയം സാധ്യമാകുന്നത്.

**ലാർജ്ജ് സ്കെയിൽ ഇക്കോണമിയോട് കലഹിച്ചുകൊണ്ട് തദ്ദേശീയ സമ്പദ്‌വ്യവസ്ഥയിലേക്ക് എത്തുന്നവരാണ് സമകാലിക ഗാന്ധിയന്മാർ എന്ന് പറഞ്ഞല്ലോ. അങ്ങനെ മാറി വരുന്നവർക്ക് കേരള സമൂഹത്തിൽ ഗാന്ധിയൻ മൂല്യങ്ങളെ എങ്ങനെയാണ് നിലനിർത്താൻ കഴിയുന്നത്? എന്താണ് അതിനുള്ള സാധ്യത?**

കേരളത്തിന്റെ വികസനത്തിന് വൻവ്യവസായങ്ങൾ പാടില്ല എന്ന് 1975 മുതൽ ഞാൻ പറയുന്നുണ്ട്. ഭിലായ് മോഡൽ നമുക്ക് ആവശ്യമില്ല. വെള്ളം ഒരുപാട് വേണ്ടിവരുന്ന വ്യവസായങ്ങൾ കേരളത്തിൽ പാടില്ല. നമുക്ക് ആ രീതിയിലുള്ള പാരിസ്ഥിതിക ഘടനയാണുള്ളത്. ചെറുകിട വ്യവസായങ്ങളെ ശക്തിപ്പെടുത്തുകയാണ് കേരളത്തിൽ ചെയ്യേണ്ടത്. അതിന് കഴിഞ്ഞില്ല എന്നതാണ് നമ്മുടെ പരാജയം.

കൃഷിയുടെ കാര്യത്തിലാണെങ്കിൽ നമുക്ക് ഭീമമായ ഉത്പാദനം സാധ്യമല്ല. ഭൂമിയുടെ ഘടന അതിന് അനുയോജ്യമല്ല. പറമ്പാണ് നമുക്ക് കൂടുതലുള്ളത്. കേരളത്തിലെ ജനസാന്ദ്രത വളരെ ഉയർന്നതുമാണ്. ഗാന്ധി പറയുന്ന തരത്തിൽ കൃഷിയിൽ സ്വാശ്രിതമാകാൻ കഴിയുന്ന തരത്തിലുള്ള ഒരു ഘടനയല്ല നമുക്കുള്ളത്. അധ്വാനശേഷിയുള്ളവർക്ക് ഭൂമി ഉപയോഗിക്കാൻ കിട്ടുന്നതിലൂടെ മാത്രമാണ് അത് പരിഹരിക്കാൻ കഴിയുന്നത്. ഏറ്റവും കുറഞ്ഞത് ഒരു ഹെക്ടർ ഭൂമിയുണ്ടെങ്കിൽ മാത്രമെ ഒരു കുടുംബത്തിന് കഴിയാനുള്ള ഭക്ഷ്യോത്പന്നങ്ങൾ സ്വാശ്രിതമായി ഉത്പാദിക്കാൻ കഴിയു


കയുള്ളൂ. ഭൂരഹിതർക്ക് അത്രയും ഭൂമി വിട്ടുകൊടുത്ത് ആ സ്വാശ്രിതത്വമുണ്ടാക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയില്ല. തരിശായി കിടക്കുന്ന ഭൂമി അധ്വാനശേഷിയുള്ളവർക്ക് ഉപയോഗിക്കാൻ കഴിയുന്ന സംവിധാനമുണ്ടാകുന്നതിലൂടെ മാത്രമാണ് അത് സാധ്യമാകുന്നത്. ഭൂമി പൊതുസ്വത്തായി നിലനിർത്തേണ്ടത് ആ രീതിയിലാണ്. എല്ലാവരും അധ്വാനത്തിലേക്കെത്തുമ്പോഴാണ് ഒഴിവുസമയം എല്ലാവർക്കും തുല്യമായി കിട്ടുന്നതും എല്ലാവരുടെയും ജീവിതസാഹചര്യം മെച്ചപ്പെടുന്നതും. ഭൂമിയിൽ ചെല്ലുന്ന അധ്വാനം കൂടണം, പക്ഷെ അത് കുറച്ചാളുകളിലൂടെയല്ല സംഭവിക്കേണ്ടത്.

ആരോഗ്യത്തിന്റെ കാര്യത്തിൽ നമ്മുടെ നിലവിലുള്ള സർക്കാർ സംവിധാനം വളരെ മെച്ചപ്പെട്ടതാണ്. ശാസ്ത്രീയമായി അത് ഉപയോഗിക്കപ്പെടുകയാണ് വേണ്ടത്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെയാണ് ഏറെപ്പേർ ആശ്രയിക്കുന്നത്. എന്നാൽ അവിടെ പോകാൻ പലരും മടിക്കുന്നത്. നല്ല ഡോക്ടർമാർ ഇല്ലാത്തതുകൊണ്ടല്ല. ഏറെ നേരം ക്യൂ നിൽക്കണം എന്നതിനാലാണ്. അതെല്ലാം വളരെ എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുന്ന കാര്യമാണ്. ആരോഗ്യത്തിനായി ഒരാൾ ചിലവാക്കുന്ന തുക വളരെയധികം കൂടിയിട്ടുണ്ട്. അത് പടിപടിയായി കുറച്ചുകൊണ്ടുവരണം. അലോപ്പതിയല്ലാത്ത ചികിത്സാ സമ്പ്രദായങ്ങളുടെ മേന്മകളും ഉപയോഗപ്പെടുത്തി ആരോഗ്യരംഗത്തെ സമഗ്രമാക്കണം.

ഒഴിവുസമയങ്ങളെ മനുഷ്യപുരോഗതിക്കായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള സംസ്കാരം നിർമ്മിച്ചെടുക്കുകയാകണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നാളത്തെ ലോകം നന്നാകണമെങ്കിൽ ഇന്നത്തെ തലമുറ നന്നാകണം, അതിന് അധ്യാപകർ കൂടി വിചാരിക്കണം. നിലവിലെ സാമൂഹികാന്തരീക്ഷം വളർന്നുവരുന്ന തലമുറയെ നശിപ്പിക്കുന്ന തരത്തിലുള്ളതാണ്. വിദ്യാലയങ്ങൾക്കാണ് അവരെ അതിൽ നിന്നും മാറ്റിയെടുക്കാൻ കഴിയുന്നത്.

### ഗ്ലോബൽ ഇക്കോണമിയിൽ നിന്നും ലോക്കൽ ഇക്കോണമിയിലേക്കുള്ള മാറ്റത്തിൽ കുടുംബം എന്ന അടിസ്ഥാന യൂണിറ്റിന്റെ ധർമ്മം എന്താണ്?

മനുഷ്യൻ നിർമ്മിച്ചെടുത്ത ഏറ്റവും വലിയ സാമൂഹിക സ്ഥാപനമാണ് കുടുംബം. വളരെ അർത്ഥവത്തായ സങ്കൽപ്പമാണെങ്കിലും ചില പ്രശ്നങ്ങൾ അതിൽ നിലനിൽക്കുന്നുണ്ട്. സ്ത്രീകൾക്ക് തുല്യമായ പദവി ലഭിക്കുന്നില്ല എന്നതാണ് കുടുംബത്തിലെ അടിസ്ഥാനപ്രശ്നം. അതിന്റെ വ്യാപ്തിയാണ് സമൂഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ത്രീപീഡനങ്ങളിലെല്ലാം പ്രതിഫലിക്കുന്നത്. കപടമായ മൂല്യസങ്കൽപ്പമാണ് സ്ത്രീകളുടെ പദവിയെ സംബന്ധിച്ച് നിലനിൽക്കുന്നത്. മനുഷ്യൻ ഏകപത്നി/ഏകപതി വ്യവസ്ഥയ്ക്കുള്ളിൽ നിൽക്കണം എന്ന കപടമൂല്യത്തെയും കുടുംബം എന്ന വ്യവസ്ഥ അടിസ്ഥാനമാക്കുന്നുണ്ട്. മനുഷ്യന്റെ ജൈവഘടന polygamy (ബഹുഭാര്യത്വം/ബഹുഭർതൃത്വം)ക്ക് അനുസരിച്ചുള്ളതാണ്. എന്നാൽ സ്വത്തും അധികാരവും സംരക്ഷിക്കുന്നതിനായി, കുടുംബം ഈ ബഹുവിനെ സൗകര്യപൂർവ്വം ഏകത്വത്തിലേക്ക് കൊണ്ടുവന്നു. ലൈംഗികതയെ കുടുംബത്തിൽ നിന്നും വേർതിരിച്ച് കാണാൻ കഴിയണം. ലൈംഗികതയുടെ അടിസ്ഥാനത്തിലല്ല, മാതൃത്വത്തിന്റെ അടിസ്ഥാനത്തിലാണ്



കുടുംബം നിലനിൽക്കേണ്ടത്. തലമുറയെ വളർത്തിക്കൊണ്ടുവരുക എന്നതാണ് അതിന്റെ ധർമ്മം.

### വികേന്ദ്രീകൃത ജനാധിപത്യത്തെക്കുറിച്ചുള്ള സങ്കൽപ്പത്തിലാണ് താങ്കൾ കൂടുതൽ ഗാന്ധിയോട് അടുത്ത് നിൽക്കുന്നത് എന്ന് തോന്നുന്നു. എന്താണ് അതിനെക്കുറിച്ചുള്ള കാഴ്ച്ചപ്പാട്?

ഡൽഹിയിൽ എടുക്കുന്ന തീരുമാനങ്ങൾ എന്റെ അന്നം മുട്ടിക്കുന്നുണ്ടെങ്കിൽ അത് ജനാധിപത്യമല്ല. ജനങ്ങൾക്ക് നേരിട്ട് ഇടപെടാൻ കഴിയുന്ന ജനാധിപത്യ സംവിധാനത്തിലാകണം 90 ശതമാനം തീരുമാനങ്ങളും എടുക്കേണ്ടത്. റിപ്പബ്ലിക് എന്ന് പറയുന്നതുതന്നെ അതാണ്. പക്ഷെ നമ്മുടെ പഞ്ചായത്തുകൾ പോലും അതിനേക്കാൾ വലുതതാണ്. പഞ്ചായത്തിനപ്പുറം വ്യാപ്തിയുള്ള ഒരു അധികാരശക്തിയെയും ജനങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയില്ല.

### കേന്ദ്രീകൃത രാഷ്ട്രീയപാർട്ടികൾ അധികാരത്തെ വികേന്ദ്രീകരിക്കുന്നതിൽ ആത്മാർത്ഥമായ താത്പര്യം കാണിക്കുമോ? അവരുടെ ഘടന അതിനുതകുന്നതാണോ?

അയൽക്കൂട്ടങ്ങൾ ശക്തമാക്കുക എന്നതാണ് കേന്ദ്രീകൃത രാഷ്ട്രീയപാർട്ടികളുടെ ഇടപെടലുകളെ ചെറുക്കാനുള്ള വഴി. ജനങ്ങളുടെ തീരുമാനങ്ങൾ സർവ്വസമ്മതപ്രകാരം അയൽക്കൂട്ടങ്ങളിൽ എടുക്കപ്പെടുന്ന സംവിധാനമുണ്ടായാൽ ഒരു രാഷ്ട്രീയപാർട്ടിക്കും അതിനെ എതിർക്കാൻ കഴിയില്ല. അങ്ങനെ വരുമ്പോൾ തെരഞ്ഞെടുപ്പുകളിൽ എല്ലാ രാഷ്ട്രീയകക്ഷികളുടെയും സ്ഥാനാർത്ഥികൾ ആരാകണം എന്ന് തീരുമാനിക്കാനുള്ള അധികാരം അയൽക്കൂട്ടങ്ങൾക്ക് ലഭിക്കും. രാഷ്ട്രീയപാർട്ടികളുടെ മേൽ ജനങ്ങൾക്ക് നിയന്ത്രണം വരും. എന്നാൽ വികേന്ദ്രീകൃത അധികാരത്തിന്റെ ഇത്തരം സാധ്യതകളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിൽ

രാഷ്ട്രീയ കക്ഷികൾ താത്പര്യം കാണിക്കുന്നില്ല.

**ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ പങ്കജാക്ഷകുറുപ്പിന്റെ മുൻകൈയിൽ അയൽക്കൂട്ടങ്ങളെ കേന്ദ്രീകരിച്ചുള്ള വികേന്ദ്രീകൃത സംവിധാനം വർഷങ്ങൾക്ക് മുമ്പ് പരീക്ഷിക്കപ്പെട്ടിരുന്നല്ലോ. എന്നാൽ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടും അദ്ദേഹത്തിന് അത് നിലനിർത്താൻ കഴിഞ്ഞില്ല. പിന്നീട് സർക്കാറിന്റെ അധികാരവികേന്ദ്രീകരണ പരിപാടിയുടെ ഭാഗമായി അയൽക്കൂട്ടങ്ങളെല്ലാം സാമ്പത്തിക ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഇന്ന് നിലനിൽക്കുന്നത്. അയൽക്കൂട്ടങ്ങൾക്ക് രാഷ്ട്രീയ രാഷ്ട്രീയ സ്വഭാവത്തിൽ നിലനിൽക്കാൻ കഴിയില്ല എന്നാണോ ഈ അനുഭവങ്ങൾ പറയുന്നത്?**

നാല് ഘട്ടം ഒരുമിച്ച് ചാടാൻ ശ്രമിച്ചതാണ് പങ്കജാക്ഷകുറുപ്പിന് സംഭവിച്ച ദുരന്തം. എല്ലാവർക്കും പൊതുവായിട്ടുള്ള ഒരു സമ്പദ്‌വ്യവസ്ഥയായിരുന്നു അദ്ദേഹത്തിന്റെ അയൽക്കൂട്ടങ്ങളിൽ ഉണ്ടായിരുന്നത്. സ്വകാര്യസ്വത്ത് എന്ന കാഴ്ച്ചപ്പാടുണ്ടായിരുന്നില്ല. ആ ഘട്ടത്തിലേക്കെല്ലാം പടിപടിയായി എത്തിയാൽ മതിയായിരുന്നു. അണുകുടുംബ വ്യവസ്ഥ നിലനിൽക്കുന്ന ഒരു സമൂഹത്തിന് അനായാസം എത്തിച്ചേരാൻ കഴിയുന്ന ഒരു അവസ്ഥയായിരുന്നില്ല അത്. പൊതുവായ ആവശ്യങ്ങൾക്കായി ജനങ്ങൾ ഒരുമിച്ച് കൂടിയിരുന്ന് വർത്തമാനം പറയുന്ന സംവിധാനമുണ്ടാക്കുകയാണ് ആദ്യം വേണ്ടിയിരുന്നത്. അങ്ങനെ രാഷ്ട്രീയ പ്രക്രിയ പടിപടിയായി ജനങ്ങളുടെ കൈകളിലേക്ക് എത്തിക്കണം. അവിടെ നിന്നാണ് തുടങ്ങേണ്ടത്. ഇന്നത്തെ അവസ്ഥയിൽ അയൽക്കൂട്ടങ്ങൾക്ക് കൊടുക്കുന്ന പദവി ഒരുപാട് ഉയർന്നുപോയാൽ അത് ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാതെ പോകും. പല ഘട്ടങ്ങളിലൂടെ കടന്ന് അതിലേക്ക് എത്തിച്ചേരുകയാണ് വേണ്ടത്. അയൽക്കൂട്ടങ്ങൾക്ക് രാഷ്ട്രീയമായി നിലനിൽക്കാൻ കഴിയും. എന്നാൽ അത് തങ്ങളുടെ സ്ഥാപിതതാത്പര്യങ്ങൾക്ക് വിരുദ്ധമാകും എന്ന് ഭയന്ന് രാഷ്ട്രീയപാർട്ടികൾ അയൽക്കൂട്ടങ്ങളെ ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്.

**രാഷ്ട്രീയസംവിധാനത്തെ തിരുത്തുന്നതിനായി നടക്കുന്ന വിവിധ ജനകീയസമരങ്ങളിലല്ലേ ഗാന്ധിയൻ ദർശനങ്ങളുടെ സാന്നിധ്യം ഇന്ന് സജീവമായി കാണുന്നത്? അഹിംസാത്മക പ്രതികരണങ്ങൾ അവർ ശക്തമായ സമരായുധങ്ങളായി മാറ്റുന്നുണ്ടല്ലോ?**

എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്ന അഹിംസ. ഒരാളെ വൈകാരികമായി പീഡിപ്പിക്കുന്നതും അഹിംസയല്ലേ. സത്യാഗ്രഹങ്ങളെല്ലാം അതാണല്ലോ ചെയ്യുന്നത്. നിർമ്മാണാത്മക സമരങ്ങളെക്കുറിച്ചാണ് ഗാന്ധി ഏറ്റവും കൂടുതൽ പറഞ്ഞിട്ടുള്ളത്. അതിലാണ് നമ്മൾ വേണ്ടത്ര മുന്നോട്ട് പോയിട്ടില്ലാത്തത്. നിർമ്മാണാത്മക പ്രവർത്തനങ്ങളെ സമരമായല്ല, അനുരഞ്ജനമായിട്ടാണ് പലരും കാണുന്നത്. അത് തീർത്തും തെറ്റാണ്. ലോക്കൽ ഇക്കോണമിയെ ശക്തിപ്പെടുത്തുന്ന നിർമ്മാണാത്മക സമരമാണ് ഇന്ന് ആവശ്യമായ ഗാന്ധിയൻ സമരം. നിലവിലുള്ള വ്യവസ്ഥയെ പൊളിക്കാൻ ഏറ്റവും ഉത്തമം അതിന്റെ അടിയിൽ പുതിയ വ്യവസ്ഥയെ വളർത്തിക്കൊണ്ടുവരുക എന്നതുമാത്രമാണ്. ജനകീയസമരങ്ങൾ എപ്പോഴും ഇരകളായവരുടെ മുൻകൈയിലാണ് നടക്കുന്നത്. ഉദാഹരണമായി ആറന്മുളയിൽ വിമാനത്താവളത്തിനെതിരെ നടക്കുന്ന സമരമെടുക്കാം. തത്വാധിഷ്ടിതമായി വിമാനത്താവളം വേണ്ട എന്ന് പറയുന്നവരല്ല, ഭൂമി നഷ്ടപ്പെടുന്നതുകൊണ്ട് വേണ്ട എന്ന് പറയുന്നവരാണ് അവിടെ കൂടുതൽ. എന്താണ് നിങ്ങളെ സമരത്തിലേക്ക് വരാൻ പ്രേരിപ്പിക്കുന്നത് എന്നത് പ്രധാനമാണ്. വ്യവസ്ഥയെ പൊളിക്കുന്നത് മാത്രമാണ് പുരോഗമനം എന്ന് ഞാൻ കരുതുന്നില്ല.

ജനങ്ങളെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താം. പക്ഷെ തീരുമാനമെടുക്കാനുള്ള അവകാശം ജനങ്ങൾക്ക് തന്നെയാണ്. എന്നാൽ അതിരപ്പിള്ളി അടക്കമുള്ള ജലവൈദ്യുതി പദ്ധതികൾക്കെതിരെ നടന്ന സമരങ്ങളിൽ ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നവർ തന്നെ തീരുമാനമെടുക്കുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. സർക്കാർ ചെയ്യുന്നതെല്ലാം ജനങ്ങളെ തെറ്റു ധരിപ്പിക്കലും നമ്മൾ ചെയ്യുന്നതെല്ലാം ജനങ്ങളെ ശരി ധരിപ്പിക്കലുമാണ് എന്ന് കരുതുന്നത് ധാർഷ്ട്യമാണ്. അതാണ് ജനകീയ സമരങ്ങളിൽ ഞാൻ കാണുന്ന പ്രശ്നം. ശരിക്കും ഗാന്ധി കാലികമാകേണ്ടത് ജനകീയസമരങ്ങളിലൂടെയല്ല, നിർമ്മാണാത്മക സമരങ്ങളിലൂടെയാണ്.

**ലോകത്തുണ്ടായിട്ടുള്ള പല ദർശനങ്ങളിലൂടെയും അവയുടെ പ്രയോഗ സാധ്യതകളിലൂടെയും കടന്നുപോയിട്ടുള്ള താങ്കൾക്ക് സ്വന്തം ജീവിതത്തിൽ അനുഭവപ്പെട്ട ഗാന്ധിയെക്കുറിച്ച് പറയാമോ?**

തൃശൂരിലെ നമ്പൂതിരി വിദ്യാലയത്തിൽ നാലാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഗാന്ധിയൻ സമരവുമായി ഞാൻ ആദ്യം പരിചയപ്പെടുന്നത്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ സജീവമായിരുന്ന കമലാനമ്പീശൻ ഞങ്ങളുടെ സ്കൂളിൽ ചർക്ക കൊണ്ടുവന്ന് വിദ്യാർത്ഥികളെ നൂൽനൂൽക്കാൻ പഠിപ്പിച്ചു. സ്കൂളിൽ നിന്നും ചർക്കയുടെ ആദ്യപാഠങ്ങൾ പഠിച്ച് അതിൽ ആകൃഷ്ടനായ ഞാൻ തൃശൂർ റൗണ്ടിലുണ്ടായിരുന്ന ഖാദി സംഘത്തിൽ പോയി ചർക്ക കൂടുതൽ പഠിച്ചു. എന്റെ താത്പര്യം കണ്ട് കോൺഗ്രസ് പ്രവർത്തകനായിരുന്ന അമ്മാവൻ മാടമ്പ് നാരായണൻ നമ്പൂതിരി എനിക്ക് ഒരു ചർക്ക വാങ്ങിതന്നു. പഞ്ഞി വാങ്ങി വീട്ടിൽതന്നെയിരുന്ന് ഞാൻ നൂൽക്കാൻ തുടങ്ങി. ആ നൂല് പിന്നീട് നെയ്യാൻ കൊടുത്തു. അങ്ങനെ നെയ്തെടുത്ത തുണികൊണ്ട് ഷർട്ടുണ്ടാക്കി ഇട്ടപ്പോൾ സ്വാതന്ത്ര്യസമരത്തിൽ ഞാനും പങ്കാളിയായതായ അനുഭവമാണ് എനിക്കുണ്ടായത്. നാലാം ക്ലാസിൽ പഠിക്കുന്ന എന്നെ ചർക്കയിലൂടെ സ്വാധീനിച്ച ഗാന്ധിയെന്ന ആ പ്രതീകം തന്നെയാണ് ആഗോളസമ്പദ് വ്യവസ്ഥയ്ക്കെതിരെ തദ്ദേശീയ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള എന്റെ പ്രവർത്തനങ്ങൾക്ക് ഇന്നും ഊർജ്ജമായി നിൽക്കുന്നത്. തദ്ദേശീയ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുക എന്നത് ഏത് സമരത്തേക്കാളും ശക്തമായ ഗാന്ധിയൻ അഹിംസാത്മക സമരമായി ഇന്ന് ഞാൻ തിരിച്ചറിയുന്നു.